**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **06-12-2022 - ൽ മറുപടിയ്ക്ക്**

**കരാറുകർക്കുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിർമ്മാണപ്രവൃത്തികൾക്കായി അനുവദിച്ച തുക ജില്ല തിരിച്ച് വിശദമാക്കുമോ; | (എ) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിലെ കരാറുകാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br><br>2021 ജൂൺ മാസം മുതൽ 2022 ഡിസംബർ മാസം വരെ വിവിധ വകുപ്പുകളിൽ കരാറുകാർക്ക് നൽകിയ തുക (കോടിയിൽ)<br>പൊതുമരാമത്ത് നിരത്ത് വിഭാഗം: 3514.52<br>പൊതുമരാമത്ത് കെട്ടിട വിഭാഗം: 1173.72<br>ജല വിഭവ വകുപ്പ്: 807.77<br>ഹാർബർ എഞ്ചിനിയറിംഗ്: 311.67 |
| (ബി) | പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകിയിട്ടുണ്ടോ, വ്യക്തമാക്കുമോ; | (ബി) | നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണമായോ ഭാഗികമായോ പൂർത്തികരിച്ച പ്രവൃത്തികളുടെ ബില്ലുകളിന്മേലാണ് സംസ്ഥാന തല മുൻഗണനാക്രമം, സമയക്രമം എന്നിവ പാലിച്ച് തുക അനുവദിച്ചിട്ടുള്ളത്. |
| (സി) | ഇല്ലെങ്കിൽ കരാറുകാരുടെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് അറിയിക്കുമോ ; | (സി) | ജല വിഭവ വകുപ്പ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളിൽ 2022 ആഗസ്റ്റ് മാസം വരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് (റോഡുകൾ/ പാലങ്ങൾ/ കെട്ടിടങ്ങൾ) വകുപ്പിൽ 2022 ഏപ്രിൽ മാസം വരെയുള്ള ബില്ലുകൾ മാറിനൽകുകയും 2022 സെപ്റ്റംബർ മാസം വരെയുള്ള ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന മാസങ്ങളിലെ ബില്ലുകളിലും ഈ രീതി തുടരുന്നതാണ്. |
| (ഡി) | 2021 മുതൽ ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതി പ്രകാരം എത്ര പേർക്ക് തുക നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | 2021 ജനുവരി മുതൽ 2022 നവംബർ വരെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം വഴി 9696 പേർക്ക് തുക നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ